പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2139 07.12.2015-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട പ്രവർ ത്തിയുടെ നടപടിക്രമം ഏതുഘട്ടത്തിലാണെന്ന വിശദമാക്കാമോ ;

(ബി) എം എൽ എ ആസ്തി വികസന ഫണ്ടുൾപ്പെടെ എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് സർക്കാർ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ ;

(സി) നവീകരണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഇ) പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

(എ), (ബി), (സി), (ഡി), (ഇ) & (എഫ്) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിന് ബഹു.എം എൽ എ ശ്രീ.കോടിയേരി ബാലകൃഷ്ണന്റെ പ്രാദേശിക ആസ്തി വികസനഫണ്ട് 2 കോടി രൂപയും കായികവകുപ്പിൽ നിന്നും 2 കോടി രൂപയും ഉൾപ്പെടെ 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 'ടി' സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി റവന്യൂ വകുപ്പും, തലശ്ശേരി മുനിസിപ്പാലിറ്റിയും തമ്മിൽ തർക്കം ഉണ്ടായതിനെ തുടർന്ന് 13.07.2015-ൽ ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തൽക്കാലം തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ഒരു Permissive sanction -നോടുകൂടി ആരംഭിക്കാമെന്നു തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണാനുമതി റവന്യൂ വകുപ്പിൽ

നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെൻഡർ നടപടികൾ ആരംഭിച്ച്, ഒരു നിർമ്മാണ ഏജൻസിയെ നിശ്ചയിച്ച് നിർമ്മാണം ആരംഭിക്കാനാകൂ.

MaryM

**സെക്ഷൻ ഓഫീസർ**